**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1398** **15-10-2026-ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് പ്രേംനസീർ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി രമ്യ ഹരിദാസ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ചിറയിൻകീഴ് പ്രേംനസീർ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് ആകെ എത്ര രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**മറുപടി:** ചിറയിൻകീഴ് പ്രേം നസീർ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് ആകെ 538 ലക്ഷം രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ സാംസ്കാരിക വകുപ്പിന്റെ ശീർഷകത്തിൽ നിന്നും ആകെ 382 ലക്ഷം രൂപയും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 156 ലക്ഷം രൂപയും ചെലവഴിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

**(ബി)** ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

**മറുപടി:** ഒന്നാം ഘട്ടത്തിൽ ഇതേ വരെ 2,64,57,911/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ചുവടെ:

1. Open Air Auditorium

2. Kitchen Cafe and Theatre in First Floor

3. Dormitory VIP Roof Library in Second Floor

4. Finishing Work - First Floor

**(സി)** പ്രസ്തുത പദ്ധതി പൂർണ്ണമായി പൂർത്തീകരിക്കുന്നതിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** നിലവിലുള്ള പദ്ധതിയുടെ കരാർ കാലാവധി 16.09.2026-ന് അവസാനിച്ചു. നിലവിലുള്ള ഡിസൈനിൽ ചലച്ചിത്ര അക്കാദമി നിർദ്ദേശിച്ച ഭേദഗതി വരുത്തിയ പുതുക്കിയ ഡിസൈൻ കൺസൾട്ടൻസി ലഭ്യമാക്കിയിട്ടില്ല. അതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**